പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2058 22.01.2014 ൽ മറുപടിക്ക്

**പോലീസിലെ ക്രിമിനൽവൽക്കരണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തോമസ് ഉണ്ണിയാടൻ<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.റ്റി.യു.കുരുവിള<br>ശ്രീ.സി.എഫ്.തോമസ് | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| എ) പോലീസിലെ ക്രിമിനൽവൽക്കരണം തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (എ) പോലീസ് സേനയിലേക്ക് തെരെഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കുന്ന വേളയിൽ തന്നെ ജില്ലാ പോലീസ് മേധാവികൾ മുഖേന പോലീസ് വെരിഫിക്കേഷൻ നടത്തി തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്ന പോലീസ് സേനാംഗങ്ങൾക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചും കുറ്റകൃത്യങ്ങൾ ഉന്നത ഉദ്യോഗസ്ഥനെക്കൊണ്ട് പഴുതടച്ച അന്വേഷണം നടത്തിച്ചും ഇത്തരക്കാർക്കെതിരെ കർശന നടപടികളാണ് സ്വീകരിച്ചു വരുന്നത്. |
| ബി) പോലീസിലെ ക്രിമിനൽവൽക്കരണം തടയുന്നതിന് പ്രത്യേക നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ ? | (ബി) പോലീസിലെ ക്രിമിനൽവൽക്കരണം തടയുന്നതിനും ഇത്തരം ക്രിമിനൽ സ്വഭാവമുള്ളവരെ നിരീക്ഷിക്കാനും സംസ്ഥാന രഹസ്യാന്വേഷണ വിഭാഗത്തിന്റേയും, ജില്ലാതല രഹസ്യാന്വേഷണ വിഭാഗത്തിന്റേയും സേവനം ഉപയോഗപ്പെടുത്തിവരുന്നു. കൂടാതെ ക്രിമിനൽ കേസുകളിൽ ഉൾപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ രജിസ്റ്റർ ചെയ്യുന്ന ക്രൈം കേസുകളുടെ അന്വേഷണം സംബന്ധിച്ച പുരോഗതിയും വകുപ്പുതല അന്വേഷണങ്ങളുടെ പുരോഗതിയും സംസ്ഥാനത്തെ എ.ഡി.ജി.പി മാരുടെ ഒരു കമ്മിറ്റി പരിശോധിച്ച് ആവശ്യമായ ശുപാർശകൾ നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ